"ഭരണഭാഷ-മാതൃഭാഷ"

# കേരള സർക്കാർ

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ചേർത്തല ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് അനുവദിക്കുന്ന ഫണ്ടുകൾ കൈകാര്യം ചെയ്യുന്നതിനായി എസ്.ബി.ഐ, ചേർത്തല ശാഖയിൽ ഒരു ബാങ്ക് അക്കൗണ്ട് ചേർത്തല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പേരിൽ തുടങ്ങുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ.(സാധാ)നം. 3257/2021/ധന** **തീയതി, തിരുവനന്തപുരം, 31.03.2021**

---

പരാമർശം :- ചേർത്തല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 06.02.2021 ലെ എ 2/3152/2019 നമ്പർ കത്ത്.

**ഉത്തരവ്**

ചേർത്തല ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ഔദ്യോഗിക ആവശ്യങ്ങൾക്ക് നിലവിൽ ബാങ്ക് അക്കൗണ്ട് ഇല്ലാത്തതിനാൽ വിവിധ പരീക്ഷകളുടെ നടത്തിപ്പ് ചെലവുകൾക്കായി പരീക്ഷാ ഭവനിൽ നിന്നും അനുവദിക്കുന്ന തുകകൾ സമയബന്ധിതമായി വിനിമയം ചെയ്യുവാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതിനാൽ ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പരാമർശ കത്ത് പ്രകാരം ചേർത്തല ജില്ലാ വിദ്യാഭ്യാസ ഓഫീസർ അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ചേർത്തല ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് അനുവദിക്കുന്ന ഫണ്ടുകൾ കൈകാര്യം ചെയ്യുന്നതിനായി ചേർത്തല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പേരിൽ എസ്.ബി.ഐ, ചേർത്തല ശാഖയിൽ ഒരു ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ.ഒ.ബി**

**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചേർത്തല.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ധനകാര്യ (വിദ്യാഭ്യാസ - എ) വകുപ്പ്
പൊതുവിദ്യാഭ്യാസ (പി) വകുപ്പ് (UO (F) No. GEDN-P2/178/2020-G.EDN-Computer No. 1511672)
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E File No. 1490916)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ